## പതിനാലാം കേരള നിയമസഭ
### ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1636

19.01.2021 ൽ മറുപടിക്ക്

### കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണി

**ചോദ്യം**
ശ്രീ. അൻവർ സാദത്ത്

**മറുപടി**
എ. സി. മൊയ്തീൻ
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുടുംബശ്രീ ഉല്പന്നങ്ങൾക്ക് സർക്കാർ തലത്തിൽ വിപണി ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണി ഉറപ്പാക്കുന്നതിനും വിപണന വർദ്ധനവിനുമായി 4 തരത്തിലുള്ള വിപണന പ്രവർത്തനങ്ങളാണ് കുടുംബശ്രീ സ്വീകരിച്ചുവരുന്നത്.<br>(1)പ്രാദേശിക-ദേശീയ വിപണന മേളകളിലൂടെയുള്ള വിപണനം<br>(2)കുടുംബശ്രീ ഉല്പന്നങ്ങൾക്കായി സ്ഥിരവിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചു കൊണ്ടുള്ള വിപണനം.<br>(3)കുടുംബശ്രീ ഉല്പന്നങ്ങൾ സാമൂഹികാധിഷ്ഠിത വിതരണ-ശൃംഖല വഴി വീടുകളിലെത്തിക്കുന്നതിലൂടെയുള്ള വിപണനം.<br>(4) ഓൺലൈൻ മാർക്കറ്റിംഗിലൂടെയുള്ള വിപണനം.<br>ഇവ കൂടാതെ സർക്കാർ തലത്തിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പ്, സപ്ലൈകോ, കൺസ്യൂമർഫെഡ് ഔട്ട് ലെറ്റുകൾ വഴി വിപണനം സാധ്യമാക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ ഹോർട്ടികോർപ്പ് ഔട്ട് ലെറ്റുകളിൽ ഉൽപ്പന്നങ്ങൾ വിപണനത്തിനായി സജ്ജീകരിച്ചിട്ടുണ്ട്. സപ്ലൈകോ വഴിയുള്ള വിപണനത്തിനായി സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി ഷെൽഫ് സ്പേസ് അനുവദിക്കുന്നതിന് ധാരണ ആയിട്ടുണ്ട്. നിലവിൽ ഇടുക്കി ജില്ലയിൽ സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നു. കോട്ടയം ജില്ലയിൽ |

| | | | |
|---|---|---|---|
| | | | കൺസ്യൂമർഫെഡ് ഔട്ട് ലെറ്റുകൾ വഴി കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്റ്റോറുകളിൽ കുടുംബശ്രീ ഉല്പന്നങ്ങൾക്ക് മുൻഗണന ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സിവിൽ സപ്ലൈസ് കോർപറേഷന്റെ സ്റ്റോറുകൾ വഴിയുള്ള വിപണനത്തിനായി സപ്ലൈകോ സൂപ്പർമാർക്കറ്റുകളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി ഷെൽഫ് സ്പേസ് അനുവദിക്കുന്നതിന് സപ്ലൈകോയുമായി ധാരണയായിട്ടുണ്ട്. |
| (സി) | ഓൺലൈൻ മാർക്കറ്റിംഗ് ഉൾപ്പെടെയുള്ള പുതിയ വിപണന മാർഗ്ഗങ്ങൾ സ്വീകരിച്ചതിലൂടെ കുടുംബശ്രീ ഉല്പന്നങ്ങളുടെ സ്വീകാര്യത വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | കുടുംബശ്രീ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | (ഡി) | കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ന്യൂട്രിമിക്സ് യൂണിറ്റുകളിലും ഗ്രേഡിംഗ് നടപ്പിലാക്കുകയും ഉൽപ്പന്നങ്ങളുടെ സാമ്പിൾ ഗവൺമെന്റ് അംഗീകൃത ഫുഡ് ടെസ്റ്റിംഗ് ലാബുകളിൽ നൽകി ഗുണനിലവാരം ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. കണ്ണൂർ ജില്ലയിൽ കറി പൗഡർ മേഖലയിൽ യൂണിറ്റുകളുടെ ഏകീകൃത മൂല്യശൃംഖല വികസനം നടപ്പിലാക്കി ഗുണനിലവാരം മെച്ചപ്പെടുത്തി ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിച്ചിട്ടുണ്ട്. കാന്റീൻ, കാറ്ററിംഗ്, ടെയ് ലറിങ് മേഖലകളിൽ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പെർഫോമൻസ് ഇപ്രൂവ്മെന്റ് പരിശീലനങ്ങൾ സംഘടിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ